ബിസ്മില്ലാഹി അർ റഹിമാനി അർ റഹീം

**ജീവനും മരണവും**

**റൂഹിന്റെ ദൗത്യങ്ങൾ**

**നബിമാരുടെ റൂഹുകൾ**

**അള്ളാഹു സുബു. ഒരു മനുഷ്യ നഫുസ്സിലേയ്ക്കു് / ആത്മീയ ശരീരത്തിലേയ്ക്കു് റൂഹ്(ജീവാത്മാവു്) ഊതിത്തരുന്നതോടെ ആ നഫുസ്സു ജീവസ്സുറ്റതാകുന്നു. ആ കൂട്ടാളി ദൗത്യം പൂർത്തിയാക്കി വിടപറഞ്ഞു പിരിയുന്നതോടെ വ്യക്തി-നഫുസ്സിന്റെ ഇഹലോക വാസം അവസാനിയ്ക്കുന്നു. നഫുസ്സു മറ്റൊരു ലോകത്തു് ചേക്കേറുന്നു.**

**അള്ളാഹു പറഞ്ഞു:**

**അൽവാഖിഅ : 83-85**

فَلَوْلَآ إِذَا بَلَغَتِ ٱلْحُلْقُومَ

**(റൂഹ്) തൊണ്ടക്കുഴിയിലെത്തുമ്പോൾ നിങ്ങൾക്ക് എന്തുകൊണ്ട് അതിനെ പിടിച്ചു നിർത്താനാവുന്നില്ല?**

وَأَنتُمْ حِينَئِذٍ تَنظُرُونَ

**അന്നേരം നിങ്ങൾ നോക്കി നിൽക്കുന്നു.**

وَنَحْنُ أَقْرَبُ إِلَيْهِ مِنكُمْ وَلَٰكِن لَّا تُبْصِرُونَ

**അപ്പോൾ നിങ്ങളെക്കാൾ അതിനോടു് ഏറെ അടുത്തവൻ നാമാകുന്നു. എന്നാൽ നിങ്ങളത് കണ്ടറിയുന്നില്ല.**

**തന്നെ പിരിയുന്ന റൂഹിനെ നഫുസ്സു് നിസ്സഹായതയോടെ നോക്കി നിൽക്കുന്നു. ഈ ഘട്ടത്തിൽ റൂഹു് തൊണ്ടക്കുഴിയിലാണു്. റൂഹും നഫുസ്സും രണ്ടു വ്യത്യസ്ഥ തലങ്ങളിലേയ്ക്കു പ്രവേശിയ്ക്കുവാനൊരുങ്ങുന്ന മുഹൂർത്തത്തെയാണു് അള്ളാഹു സുബു. ഇവിടെ പരാമർശിയ്ക്കുന്നതു്. റൂഹു് നൂറിന്റെ ലോകത്തേയ്ക്കും മനുഷ്യ നഫുസ്സു് മറ്റൊരു സമയലോകമായ ബർസഖിലേയ്ക്കും. റൂഹ് നഫുസ്സിൽ നിന്നു് ഭൗതിക ശരീരത്തിൽ കടന്ന് വിട പറയുന്നതിനായി തൊണ്ടക്കുഴിയിൽ എത്തുന്നതോടെ, വ്യക്തി ആസകലം അനുഭവിയ്ക്കുന്ന നൂറിന്റെ ചൈതന്യത്തിൽ സമയം നിലയ്ച്ചു പോകും. ആ അന്തിമ നിമിഷത്തിൽ ഏതൊരാളുടെയും അകക്കണ്ണു തുറക്കും; ബാഹ്യ നേത്രം നിച്ഛലമാവും. നഫുസ്സ് റൂഹിനെ കാണും. നൂറിന്റെ ലോകത്തിനടുത്തെത്തി നില്ക്കുന്ന റൂഹ് അള്ളാഹുവിനോടു് ഏറ്റവും അടുത്താണു്. റൂഹിനെ കാണുന്ന നഫുസ്സിനു് സ്ഥലകാലാതീതനായ അള്ളാഹുവിനെ കാണുവാൻ കഴിയുകയില്ലയെങ്കിലും അള്ളാഹുവിന്റെ സാമീപ്യം തിരിച്ചറിയും. അങ്ങനെ സത്യാവബോധത്തോടെ ജനിയ്ക്കപ്പെട്ട മനുഷ്യൻ സത്യം അറിഞ്ഞു മരണപ്പെടുന്നു.**

**താൻ തന്നെയാണു് പടച്ചവനെന്നവകാശപ്പെട്ട അഹങ്കാരിയായ ഫിർഔൻ മരണ വേളയിൽ സത്യം തിരിച്ചറിഞ്ഞു.**

**യൂനുസ് : 90-91**

وَجَٰوَزْنَا بِبَنِىٓ إِسْرَٰٓءِيلَ ٱلْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُۥ بَغْيًا وَعَدْوًا ۖ حَتَّىٰٓ إِذَآ أَدْرَكَهُ ٱلْغَرَقُ قَالَ ءَامَنتُ أَنَّهُۥ لَآ إِلَٰهَ
إِلَّا ٱلَّذِىٓ ءَامَنَتْ بِهِۦ بَنُوٓا۟ إِسْرَٰٓءِيلَ وَأَنَا۠ مِنَ ٱلْمُسْلِمِينَ

**ഇസ്രയേൽ മക്കളെ നാം കടൽ കടത്തി. അപ്പോൾ ഫിറവോനും അവന്റെ സൈന്യവും അക്രമിക്കാനും ദ്രോഹിക്കാനുമായി അവരെ പിന്തുടർന്നു. അങ്ങനെ മുങ്ങിച്ചാകുമെന്നായപ്പോൾ ഫറവോൻ പറഞ്ഞു: ''ഇസ്രയേൽ മക്കൾ വിശ്വസിച്ചവനല്ലാതെ ദൈവമില്ലെന്ന് ഞാനിതാ വിശ്വസിച്ചിരിക്കുന്നു. ഞാൻ മുസ്‌ലിംകളിൽ പെട്ടവനാകുന്നു.''**

ءَآلْـَٔـٰنَ وَقَدْ عَصَيْتَ قَبْلُ وَكُنتَ مِنَ ٱلْمُفْسِدِينَ

അല്ലാഹു പറഞ്ഞു: ഇപ്പോഴോ? ഇതുവരെയും നീ ധിക്കരിച്ചു. നീ കുഴപ്പക്കാരിൽ പെട്ടവനായിരുന്നു.

നബി(സ)യുടെ നഫുസ്സ് അവിടുത്തെ റൂഹുമായി അങ്ങേയറ്റം താദാത്മ്യത്തിലായിരുന്നു. അതു കാരണം , റൂഹിന്റെ വേർപിരിയൽ മറ്റാർക്കും അനുഭവവേദ്യമല്ലാത്ത വേദന ആ നഫുസ്സിനു സമ്മാനിച്ചിരുന്നതായി ഹദീസ്സിൽ കാണാം.

നൂറു കൊണ്ടു സൃഷ്ടിയ്ക്കപ്പെട്ട നഫുസ്സിന്റെ വാഹനമാണു് റൂഹ്. അതു് അള്ളാഹുവിന്റെ കൽപ്പനയനുസരിച്ചു മാത്രം സഞ്ചരിയ്ക്കുന്നു. റൂഹിലൂടെ അള്ളാഹു നഫുസ്സിനു ഹിദായത്തു് പ്രദാനം ചെയ്യുന്നു. ഇൽമു പകരുന്നു. ഈമാനിൽ തുടങ്ങി പരമമായ ഇൽമായ നൂറു വരെയും എത്തിച്ചു് നൂറിൽ നഫുസ്സിനെ പൊതിയുന്നു. അഖലിൽ/മനസ്സിൽ പ്രതിഫലിയ്ക്കുന്ന സത്യാവസ്ഥ ശരീരത്തിൽ പടരുന്നു. എല്ലാം അള്ളാഹുവിന്റെ കല്പനയെ കൃത്യമായി പാലിച്ചു കൊണ്ടു മാത്രം.

നൂറിന്റെ ആ വാഹനത്തിലാണു് മസ്ജിദുൽ ഹറമിൽ നിന്നു് മസ്ജിദുൽ അക്സയിലേയ്ക്കു നബി നഫുസ്സ് യാത്ര ചെയ്തതും ശേഷം മി്റാജെന്ന രാത്രി സഞ്ചാരത്തിലേർപ്പെട്ടതും. അതിലൂടെ അള്ളാഹു പകർന്നു നൽകുവാനുദ്ദേശിച്ച ഇൽമ് അവിടുത്തെ നഫുസ്സ് സ്വീകരിച്ചു് സത്തയുടെ ഭാഗമാക്കിയതും.

മുഹമ്മദു നബി(സ)യുടെ റൂഹു് അവിടുത്തെയടുത്തു് പ്രത്യക്ഷപ്പെട്ടതു അൽ ബുറാഖ് എന്നു പേരുള്ള ഒരു വെള്ള കുതിരയുടെ രൂപത്തിലായാരുന്നു.

നബി ഈസ(അ)യുടെ റൂഹിന്റെ നാമം ഖർനൈൻ എന്നാണു്. ആ റൂഹിനു് നായയുടെ രൂപമാണുള്ളതു്. ഖർനൈനാൽ വഹിയ്ക്കപ്പെടുന്ന ഈസ(അ)യുടെ നഫുസ്സിന്റെ നാമമാണു് ദുൽഖർനൈൻ.

ആൾ രൂപമുണ്ടായിരുന്ന നബി മൂസ(അ)യുടെ റൂഹിന്റെ പേരാണ് അൽ ഖിദ്ർ.

അള്ളാഹു അ'ലം.